# നീര കേക്ക് സിഡിബി നാഫെഡ് സ്റ്റാളിൽ

കൊച്ചി: ക്രിസ്മസ്,പുതുവത്സര വിപണി ലക്ഷ്യമാക്കി തിരുക്കൊച്ചി കമ്പനി വിപണിയിലിറക്കിയ നീരകേക്ക് നാളികേര വികസന ബോർഡിന്റെ ആസ്ഥാനത്തെ സിഡിബി നാഫെഡ് സ്റ്റാളിൽ വില്പനയ്ക്കൊരുങ്ങി. 400 ഗ്രാം കേക്കിന് 170 രൂപയും 800 ഗ്രാമിന് 330 രൂപയുമാണ് വില. തിരുക്കൊച്ചി കമ്പനിയുടെ കീഴിൽ നീര ടാപ്പ് ചെയ്യാൻ ലൈസൻസ് ലഭിച്ച കോതമംഗലം ഫെഡറേഷനാണു മൂവാറ്റുപുഴയിലെ ഇൻഡ്യൻ ബേക്കറി വഴി നീര കേക്ക് നിർമിച്ച് വിപണിയിലെത്തിക്കുന്നത്. പഞ്ചസാരയ്ക്കു പകരം നീര ശർക്കര സിറപ്പ് ഉപയോഗിച്ചാണ് കേക്ക് നിർമിക്കുന്നത്. പഞ്ചസാരയുടെ പകുതി ഗ്ലൈസീമിക് ഇൻഡക്സ് ഉള്ള നീര ശർക്കര സിറപ്പ് ഉപയോഗിച്ചുണ്ടാക്കുന്ന കേക്ക് പ്രമേഹരോഗികൾക്കും ഉത്തമമാണ്.